പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3095** 10.12.2018- ൽ മറുപടിക്ക്

**വൈപ്പിൻ മണ്ഡലത്തിൽ സെൻട്രൽ റോഡ് ഫണ്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രവൃത്തികൾ**

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ. എസ്.ശർമ്മ** | | **ശ്രീ. ജി. സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| (എ) വൈപ്പിൻ മണ്ഡലത്തിൽ സെൻട്രൽ റോഡ് ഫണ്ടിൽ അനുവദിച്ചിട്ടുള്ള തുക എത്രയാണ്; | (എ) യും (ബി) യും | ദേശീയപാതാ വിഭാഗത്തിനു കീഴിൽ വൈപ്പിൻ മണ്ഡലത്തിൽ സെൻട്രൽ റോഡ് ഫണ്ട് ബോർഡിൽ നിന്നും 11 കോടി രൂപ അനുവദിച്ചിട്ടുണ്ട്. പ്രവൃത്തിയുടെ പേര് ചുവടെ ചേർക്കുന്നു: CRF 2017-18 Improvements to Beach Road connecting Vypin Munambam State Hiighway (Velliyatham Prambu, Manjanakad road Arattuvazhi, Hospital Junction road connecting Manjanakad Jetty road, Elenjikal Line, Perumbili church Elamkurapuzha – Pukkad jetty) in Ernakulam District. പ്രസ്തുത പ്രവൃത്തി 30.04.2018-ൽ ആരംഭിച്ചിട്ടുള്ളതാണ്. എഗ്രിമെന്റ് പ്രകാരം 9 മാസമാണ് നിർമ്മാണ കാലാവധി. |
| (ബി) ഏതെല്ലാം റോഡുകളുടെ നിർമ്മാണ പ്രവൃത്തികളാണ് ആരംഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; പണി എന്നത്തേക്ക് പൂർത്തീകരിക്കാനാകുമെന്ന് വിശദമാക്കാമോ; | | |
| (സി) പിഴല-കടമക്കുടി പാലത്തിന്റെ നിർമ്മാണ പ്രവർത്തനം എന്നത്തേക്ക് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ; | (സി) | ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തീകരിച്ച് ഡിസൈന് വേണ്ടി സമർപ്പിച്ചിട്ടുണ്ട്. സാങ്കേതികാനുമതി ലഭ്യമാക്കി നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതാണ്. |
| (ഡി) കോതാട്-ചേന്നൂർ കുട്ടി സാഹിബ് റോഡ്, എടവനക്കാട് ഇക്ബാൽ റോഡ്, അണിയൽ-നെടുങ്ങാട് റോഡ് എന്നീ റോഡുകളുടെ നിർമ്മാണ പ്രവൃത്തികൾ എന്നത്തേക്ക് പൂർത്തീകരിക്കാനാകുമെന്ന് വിശദമാക്കാമോ? | (ഡി) | കോതാട് - ചേന്നൂർ കുട്ടി സാഹിബ് റോഡ് - ഡിസംബർ 31. എടവനക്കാട് - ഇക്ബാൽ റോഡിന്റെ തുടക്കത്തിലുള്ള കുറച്ച് ഭാഗം വളരെ വീതി കുറവാണ്. ഈ ഭാഗത്ത് വീതി കൂട്ടുന്നതിനായി ഇരു വശങ്ങളിൽ നിന്നും സ്ഥലം ഫ്രീയായി ഏറ്റെടുത്ത് നൽകാമെന്ന് പഞ്ചായത്ത് അധികൃതർ അറിയിച്ചിട്ടുണ്ട്. ഈ സ്ഥലം കൂടി ലഭ്യമാക്കി വീതി കൂട്ടി നിർമ്മിക്കണമെന്നാണ് പഞ്ചായത്തിന്റേയും പ്രദേശവാസികളുടേയും ആവശ്യം. ആയതിനാൽ ടി സ്ഥലം ലഭ്യമായാൽ മാത്രമേ പണി പൂർത്തീകരിക്കുവാൻ സാധിക്കുകയുള്ളൂ. പ്രളയത്തിനു ശേഷം അണിയിൽ നെടുങ്ങാട് റോഡിന്റെ പല ഭാഗങ്ങളിലും ഇരുത്തം സംഭവിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് സൈറ്റ് സന്ദർശിക്കുകയും ടി ഭാഗങ്ങൾ കൂടുതൽ ബലപ്പെടുത്തുന്നതിനുവേണ്ടി നിർദ്ദേശങ്ങൾ നൽകുകയുമുണ്ടായി. ഇപ്രകാരം എസ്റ്റിമേറ്റിൽ ഭേദഗതി വരുത്തി അംഗീകാരം ലഭ്യമാക്കി തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |

S. Bindu

സെക്ഷൻ ഓഫീസർ